**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 115** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ഭൂനിയമ പരിഷ്കരണവും ഭൂരേഖകളുടെ ഡിജിറ്റൈസേഷനും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. പി .എം. എ. സമീർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ഭൂനിയമങ്ങൾ സമഗ്രമായി പരിഷ്ക്കരിക്കുന്നതിനായി കമ്മീഷനെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

**<u>മറുപടി:</u>** ഉദ്ദേശിക്കുന്നുണ്ട്.

പ്രധാന ഭൂനിയമങ്ങളിൽ അധികവും അര നൂറ്റാണ്ട് പഴക്കമുള്ളവയും സമഗ്രമായ പരിഷ്കരണം ആവശ്യമായവയുമാണ്. ഭൂസംബന്ധമായ എല്ലാ നിയമങ്ങളും പുനഃപരിശോധിക്കുന്നതിനായി സർക്കാർ ഒരു കമ്മീഷൻ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ ശിപാർശയിൻമേലും വിശദമായ പൊതുജന ചർച്ചയിൻമേലും, പൊതുഭൂമി സംരക്ഷിക്കുന്നതിനും ഭൂമിയുടെ വിതരണത്തിൽ നീതി ഉറപ്പാക്കുന്നതിനും വ്യാവസായികവും സാമ്പത്തികവുമായ വികസനത്തെ പരിപോഷിപ്പിക്കുന്നതിനുമായി ഭൂനിയമങ്ങളെ പരിഷ്കരിക്കുന്നതാണ്.

**(ബി)** ഭൂനിയമങ്ങൾ പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്;

**<u>മറുപടി:</u>** ഭൂനിയമങ്ങൾ കാലാനുസൃതമായി നവീകരിക്കേണ്ടത് ആവശ്യമാണ്. നിസാര കാരണങ്ങളിൻമേൽ കൃഷിഭൂമിയിൽ നിന്ന് കർഷകരെ ഇറക്കിവിടുന്നതിനുള്ള ശ്രമങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള ശ്രമത്തിലാണ് റവന്യൂ വകുപ്പ്. കേരളത്തിന്റെ തോട്ടം മേഖലയിൽ ഭൂവിനിയോഗത്തിന് നിലവിലുള്ള നിയന്ത്രണങ്ങൾ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതും തോട്ടഭൂമിയുടെ സ്വാഭാവിക തരം സംരക്ഷിച്ചുകൊണ്ട് വൈവിധ്യം അനുവദിക്കുന്നത് സംബന്ധിച്ച അഭിപ്രായങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

**(സി)** ഭൂരേഖകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

**<u>മറുപടി:</u>** കേരളത്തിലെ ഭൂരേഖകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുന്നതിനായി ലാൻഡ് റവന്യൂ വകുപ്പ് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പേരിൽ ഒരു ആധുനിക ഡിജിറ്റൽ

സംവിധാനം നടപ്പിലാക്കിയിട്ടുള്ളതാണ്. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ എന്നിവ ഈ പോർട്ടൽ വഴി ലഭ്യമാക്കി വരുന്നുണ്ട്. റവന്യൂ, രജിസ്ട്രേഷൻ, സർവേ വകുപ്പുകളുടെ സേവനങ്ങൾ Integrated Land Information Management System (ILIMS) മുഖേന ഏകീകൃതമായി ലഭ്യമാക്കി വരുന്നു.

സംസ്ഥാനത്തെ ഭൂരേഖകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് ഡിജിറ്റൽ സർവേ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുള്ളതും 1,550 വില്ലേജുകളിൽ 839 എണ്ണത്തിൽ ഡിജിറ്റൽ സർവേ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുള്ളതുമാണ്. ബാക്കി വില്ലേജുകളിലും ഡിജിറ്റൽ സർവേ വഴി ഭൂരേഖകൾ പൂർണ്ണമായി ഡിജിറ്റൈസ് ചെയ്യാൻ നടപടി സ്വീകരിക്കുന്നതുമാണ്.

ലാൻഡ് ട്രൈബ്യൂണലുകൾ നൽകിവരുന്ന ക്രയ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**